ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

പ്രാദേശിക വാർത്തകൾ

TIME: 12.30 PM DATE:29.12.2024

## പ്രധാനവാർത്തകൾ

1) രാജ്യം എല്ലാ മേഖലകളിലും പുതിയ ഉയരങ്ങൾ തൊടുകയാണെന്ന് മൻ കി ബാത്തിന്റെ 117-ാം അധ്യായത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി; ഭരണഘടന നമ്മുടെ വഴിക്കാട്ടിയെന്നും പരാമർശം.

2) സർഗ്ഗാത്മക വ്യവസായം രാജ്യപുരോഗതിക്ക് പുതിയ സാധ്യതകൾ തുറന്നിടുന്നതായി പ്രധാനമന്ത്രി; മലേറിയ, ക്യാൻസർ പ്രതിരോധ രംഗത്തെ മുന്നേറ്റം നാഴികക്കല്ല്.

3) ചലച്ചിത്ര രംഗത്തെ മഹാരഥന്മാർക്ക് പ്രധാനമന്ത്രിയുടെ ആദരം; പുതുവർഷത്തെ പ്രതീക്ഷയോടെ വരവേൽക്കാൻ ആഹ്വാനം.

4) ആരിഫ് മുഹമ്മദ് ഖാൻ  കേരള ഗവർണർ സ്ഥാനത്ത് നിന്നും പടിയിറങ്ങി; പുതിയ ഗവർണറായി രാജേന്ദ്ര വിശ്വനാഥ് ആർലേകർ ജനുവരി രണ്ടിന് അധികാരമേൽക്കും.

5) പ്രതീക്ഷകളുമായി ഐഎസ്ആർഒ-യുടെ ഡോക്കിംഗ് മിഷൻ-'സ്പേഡെക്സ്' നാളെ വിക്ഷേപിക്കും.

6) സന്തോഷ് ട്രോഫി സെമിയിൽ കേരളം ഇന്ന് മണിപ്പൂരുമായി ഏറ്റുമുട്ടും; മെൽബണിൽ ക്രിക്കറ്റ് ടെസ്റ്റ് രണ്ടാം ഇന്നിംങ്ങിസിൽ ഇന്ത്യയ്ക്കെതിരെ ഓസീസിന് ബാറ്റിങ് തകർച്ച.

PNU TVPM

**************************************************************

ഹെഡ്‌ലൈൻ-1

## മൻ കി ബാത്ത് – ഭരണഘടന (ഇൻട്രോ)

ഭാരതം എല്ലാ മേഖലകളിലും പുതിയ ഉയരങ്ങൾ തൊടുകയാണെന്ന് മൻ കി ബാത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി. ജനുവരി 26 ഇന്ത്യൻ ഭരണഘടന 75 വർഷം പൂർത്തിയാക്കാന്നുതിന്റെ വിശേഷങ്ങൾ പങ്കുവെച്ചാണ് പ്രധാനമന്ത്രി മൻ കി ബാത്തിന്റെ 117-ാം അധ്യായം ആരംഭിച്ചത്. നമ്മുടെ ഭരണഘടന കാലത്തിന്റെ പരീക്ഷണത്തെ അതിജീവിച്ചു. ഭരണഘടന നമ്മുടെ വഴികാട്ടിയാണെന്നും പ്രധാനമന്ത്രി പറഞ്ഞു. ഭരണഘടനാ ദിനമായ നവംബർ 26 മുതൽ ഒരു വർഷം നീണ്ടുനിൽക്കുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചതായും അദ്ദേഹം അറിയിച്ചു.

(ഹോൾഡ് വോയിസ്)

*************************************

RNU TVPM

ഹെഡ്‌ലൈൻ-2

## മൻ കി ബാത്ത് – ആനിമേഷൻ

കുട്ടികളുടെ പ്രിയപ്പെട്ട ആനിമേഷൻ സീരീസായ കൃഷ്, ത്രിഷ്, ബാൾട്ടിബോയിയെക്കുറിച്ച് സംസാരിച്ച പ്രധാനമന്ത്രി, ഇന്ത്യൻ സിനിമകളുടെ ജനപ്രീതി ഭാരതത്തിന്റെ സർഗ്ഗാത്മക വ്യവസായത്തിന് വലിയ സാധ്യതകൾ തുറന്നിടുന്നതായി പറഞ്ഞു. ഈ വ്യവസായം രാജ്യ പുരോഗതിയിൽ വലിയ സംഭാവന ചെയ്യുന്നതിനോടൊപ്പം സമ്പദ്‌വ്യവസ്ഥയെ പുതിയ ഉയരങ്ങളിലേക്ക് കൊണ്ടുപോകുകയും ചെയ്യുന്നതായി അദ്ദേഹം വ്യക്തമാക്കി. അടുത്തമാസം 13 മുതൽ പ്രയാഗ് രാജിൽ നടക്കുന്ന മഹാകുംഭമേളയിൽ കോടിക്കണക്കിന് ആളുകൾ ഒത്തുകൂടുമെന്ന് പ്രധാനമന്ത്രി പറഞ്ഞു.

*************************************

ഹെഡ്‌ലൈൻ-3

## മൻ കി ബാത്ത് - സിനിമാമേഖല

2024-ൽ സിനിമാമേഖലയിലെ പല മഹാരഥന്മാരുടേയും നൂറാം ജന്മദിനം ആഘോഷിക്കുകയാണെന്നും പ്രധാനമന്ത്രി മൻ കി ബാത്തിൽ പറഞ്ഞു. നടൻ രാജ് കപൂർ, ഗായകൻ മുഹമ്മദ് റഫി, തെലുങ്ക് നടൻ അക്കിനേനി നാഗേശ്വര റാവു, ചലച്ചിത്രസംവിധായകൻ തപൻ സിൻഹ എന്നീ പ്രതിഭകളെയാണ് പ്രധാനമന്ത്രി അനുസ്മരിച്ചത്. അടുത്ത വർഷം, വേൾഡ് ഓഡിയോ വിഷ്വൽ എൻറർടൈൻമെന്റ് സമ്മിറ്റ് -വേവ്സ് ഉച്ചകോടി ഇന്ത്യയിൽ സംഘടിപ്പിക്കാൻ പോകുന്നതിന്റെ സന്തോഷവും പ്രധാനമന്ത്രി മൻ കി ബാത്തിൽ പങ്കുവെച്ചു. രാജ്യത്തിന്റെ സർഗ്ഗാത്മക കഴിവുകൾ ലോകത്തിന് മുന്നിൽ അവതരിപ്പിക്കാനുള്ള വലിയ അവസരമായിരിക്കും ഇതെന്നും ശ്രീ മോദി പറഞ്ഞു. ലോകത്തിന്റെ വിവിധ കോണുകളിൽ ഭാരതീയ സംസ്കാരം വളരുന്നത് അഭിമാനമാണെന്ന് പ്രധാനമന്ത്രി മൻ കി ബാത്തിൽ പറഞ്ഞു. ഈജിപ്ത്, പരാഗ്വേ, ഫിജി എന്നീ രാജ്യങ്ങളിലെ വിവിധ ഉദാഹരണങ്ങൾ ചൂണ്ടിക്കാട്ടിയാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത്.

RNUTVPM

**************************************

## മൻ കി ബാത്ത് – ആരോഗ്യരംഗം (ഇൻട്രോ)

രാജ്യത്ത് മലേറിയ കേസുകൾ കുറഞ്ഞതും ക്യാൻസർ ചികിത്സാരംഗത്തെ മുന്നേറ്റവും ആരോഗ്യരംഗത്തെ നാഴികക്കല്ലാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. ഇന്ത്യയിൽ കൃത്യസമയത്ത് ക്യാൻസർ ചികിത്സ ആരംഭിക്കാനുള്ള സാധ്യത ഗണ്യമായി വർദ്ധിച്ചതായും കണക്കുകൾ ചൂണ്ടിക്കാട്ടി പ്രധാനമന്ത്രി പറഞ്ഞു. 'ആയുഷ്മാൻ ഭാരത് യോജന' ജനങ്ങൾക്ക് വലിയ പിന്തുണയാണ് നൽകുന്നതെന്നും ശ്രീ മോദി വ്യക്തമാക്കി.

(ഹോൾഡ് വോയിസ്)

ശൈത്യകാലത്ത് കായികക്ഷമതാ പ്രവർത്തനങ്ങൾ വർധിപ്പിക്കേണ്ടതുണ്ടെന്ന് ശ്രീ നരേന്ദ്രമോദി പറഞ്ഞു. ബസ്തർ ഒളിമ്പിക്സ് യാഥാർഥ്യമായതിൽ സന്തോഷമുണ്ട്. ബസ്തർ ഒളിംപിക്സ് ഒരു കായികവേദി മാത്രമല്ല, വികസനത്തിൻറെയും കായികമത്സരങ്ങളുടേയും സംഗമവേദിയാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

*************************************

## മൻ കി ബാത്ത് – 2025 ആശംസ (ഇൻട്രോ)

ഭാരതം എല്ലാ മേഖലകളിലും പുതിയ ഉയരങ്ങൾ തൊടുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ഒരു കുടുംബമെന്ന നിലയിൽ, നാം വെല്ലുവിളികളെ അഭിമുഖീകരിക്കുകയും പുതിയ വിജയങ്ങൾ നേടുകയും ചെയ്യുതായി അദ്ദേഹം പറഞ്ഞു. 2014-ൽ ആരംഭിച്ച 'മൻ കി ബാത്ത്' ജനങ്ങൾ നെഞ്ചിലേറ്റിയതിന് നന്ദി പറഞ്ഞ പ്രധാനമന്ത്രി, 2025-നെ പ്രതീക്ഷയോടെ വരവേൽക്കാൻ ആഹ്വാനം ചെയ്യു. ആരോഗ്യവും സന്തോഷവുമുള്ളവരായിരിക്കാൻ സാധിക്കട്ടെ എന്ന് ആശംസിച്ചുകൊണ്ടാണ് പ്രധാനമന്ത്രി മൻ കി ബാത്തിൻറെ ഈ വർഷത്തെ അവസാനത്തെ അധ്യായം ഉപസംഹരിച്ചത്.

(ഹോൾഡ് വോയിസ്)

*************************************

ഹെഡ്ലൈൻ-5

## സ്പേഡെക്സ്

ബഹിരാകാശത്ത് വച്ച് ഉപഗ്രഹങ്ങളെ കൂട്ടി യോജിപ്പിക്കുന്ന, ഐഎസ്ആർഒ യുടെ ഡോക്കിംഗ് മിഷൻ-'സ്പേഡെക്സ്' നാളെ

RNU TVPM

വിക്ഷേപിക്കും. PSLV C-60 വിക്ഷേപണ വാഹനമാണ് 'സ്പേഡെക്സ്' മിഷൻ ഉപഗ്രഹങ്ങളെ വഹിക്കുക. നാളെ രാത്രി 9.58 ന് ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ ബഹിരാകാശ കേന്ദ്രത്തിൽ നിന്നാണ് വിക്ഷേപണം. രണ്ട് കൃത്രിമ ഉപഗ്രഹങ്ങളെ 470 കിലോമീറ്റർ ഉയരത്തിലുള്ള സർക്കുലർ ലോ എർത്ത് ഓർബിറ്റലിൽ വച്ച് കൂട്ടിച്ചേർക്കുകയാണ് ദൗത്യത്തിൻറെ ലക്ഷ്യം. SDX 01 - ചേസർ, SDX 02 ടാർഗറ്റ് എന്നിവയാണ് ഉപഗ്രഹങ്ങൾ. സ്പേഡെക്സ് പരീക്ഷണം വിജയമായാൽ ബഹിരാകാശ ഡോക്കിംഗ് സംവിധാനമുള്ള നാലാമത്തെ രാജ്യമായി ഇന്ത്യ മാറും.

**************************************

ഹെഡ്ലൈൻ-4

**ഗവർണർ-കേരള (ഇൻട്രോ)**

ബിഹാറിലേക്ക് നിയോഗിക്കപ്പെട്ട ശ്രീ ആരിഫ് മുഹമ്മദ് ഖാൻ കേരള ഗവർണർ സ്ഥാനത്തുനിന്ന് പടിയിറങ്ങി. കേരളവുമായുള്ള ബന്ധം ഇനിയും തുടരുമെന്ന് അദ്ദേഹം മാധ്യമപ്രവർത്തകരോട് പറഞ്ഞു.

(ഹോൾഡ് വോയിസ്)

ഇന്ന് കൊച്ചിയിൽ നിന്ന് ഡൽഹിയിലേക്ക് അദ്ദേഹം യാത്ര തിരിക്കും. നിയുക്ത കേരള ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേകർ പുതുവത്സര ദിനത്തിൽ കേരളത്തിലെത്തും. ജനുവരി രണ്ടിന് അദ്ദേഹം സത്യപ്രതിജ്ഞ ചെയ്ത് അധികാരമേൽക്കും.

**************************************

**സ്കൂൾ കലോത്സവം**

RNUTVPM

ജനുവരി 4 മുതൽ 8 വരെ തിരുവനന്തപുരത്ത് നടക്കുന്ന 63-ാമത് സംസ്ഥാന സ്കൂൾ കലോത്സവം മികച്ച രീതിയിൽ സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായി മന്ത്രി വി. ശിവൻകുട്ടി. നഗരത്തിലെ 25 വേദികളിലായി 249 ഇനങ്ങളിലാണ് മത്സരങ്ങൾ സംഘടിപ്പിക്കുന്നത്. 15,000 കലാപ്രതിഭകൾ മേളയിൽ മാറ്റുരയ്ക്കും. ഉദ്ഘാടന, സമാപന ചടങ്ങുകൾക്ക് 10,000 വിദ്യാർഥികൾ പങ്കെടുക്കും.

**************************************

## ശിവഗിരി തീർത്ഥാടനം

92-ാമത് ശിവഗിരി തീർത്ഥാടനത്തിന് നാളെ തുടക്കമാകും. നാളെ രാവിലെ പതാക ഉയരുന്നതോടെയാണ് മൂന്ന് ദിവസം നീളുന്ന തീർത്ഥാടനം ആരംഭിക്കുക. മന്ത്രി എം ബി രാജേഷ് തീർത്ഥാടനം ഉദ്ഘാടനം ചെയ്യും.

RNU TVPM

**************************************

## ശബരിമല

മകരവിളക്ക് മഹോത്സവത്തിനായി ശബരിമല ക്ഷേത്ര നട നാളെ വൈകിട്ട് തുറക്കും. തിരുവാഭരണ ഘോഷയാത്ര ജനുവരി 12 ന് പന്തളത്തു നിന്ന് പുറപ്പെടും. പമ്പയിൽ സ്പോട്ട് ബുക്കിംഗ് കൗണ്ടറുകൾ 10 ആയി ഉയർത്തും. 60 വയസ് പൂർത്തിയായവർക്ക് മാത്രമായി പ്രത്യേകം കൗണ്ടർ ക്രമീകരിക്കും. ജനുവരി 14 നാണ് മകരവിളക്ക്.

**************************************

ഹെഡ്ലൈൻ-6എ

## ക്രിക്കറ്റ്

മെൽബണിൽ നടക്കുന്ന ബോർഡർ - ഗവാസ്കർ ട്രോഫി ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയുടെ നാലാം മത്സരത്തിൻറെ രണ്ടാം

ഇന്നിംങ്ങിസിൽ ഇന്ത്യയ്ക്കെതിരെ ഓസ്ട്രേലിയയ്ക്ക് ബാറ്റിങ് തകർച്ച. രണ്ടാം ഇന്നിംങ്സിൽ 228 റൺസെടുക്കുന്നതിനിടെ ഓസീസിന് 9 വിക്കറ്റുകൾ നഷ്ടമായി. നാലാം ദിനം കളി അവസാനിക്കുമ്പോൾ ഓസീസിന് 333 റൺസിൻറെ ലീഡാണുള്ളത്. ഇന്ത്യയ്ക്കുവേണ്ടി ജസ്പ്രീത് ബുംമ്ര 4 ഉം മുഹമ്മദ് സിറാജ് 3 ഉം രവീന്ദ്ര ജഡേജ ഒരു വിക്കറ്റും നേടി. ഇന്ത്യയുടെ ഒന്നാം ഇന്നിംങ്സ് 369 റൺസിന് അവസാനിച്ചിരുന്നു.

************************************

ഹെഡ്‌ലൈൻ-6ബി

**സന്തോഷ് ട്രോഫി (ഇൻട്രോ)**

സന്തോഷ് ട്രോഫി ഫുട്ബോളിൻറെ സെമി ഫൈനൽ മത്സരങ്ങൾ ഇന്ന്. ഉച്ചക്ക് രണ്ട് മണിക്ക് ബംഗാൾ സർവീസസിനെയും രാത്രി 7.30 ന് കേരളം മണിപ്പൂരിനെയും നേരിടും.

**വിശദാംശങ്ങളുമായി ആകാശവാണി പ്രതിനിധി സുരേഷ് ബാബു.....**

(വോയിസ്)

************************************

**മുഖ്യമന്ത്രി-കാനാമ്പുഴ പുനരുജ്ജീവനം**

കണ്ണൂർ നഗരത്തോട് ചേർന്നൊഴുകുന്ന കാനാമ്പുഴ പുനരുജ്ജീവനത്തിന്റെ ഒന്നാം ഘട്ടം ഇന്ന് വൈകുന്നേരം മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനായി ഉദ്ഘാടനം ചെയ്യും.

RNUTVPM

*

********************

*****************************************************

RNU TVPM